# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1516 06.03.2018 ൽ മറുപടിയ്ക്ക്

**<u>വൈപ്പിൻ ഭാഗത്തുനിന്നുള്ള സ്വകാര്യബസ്സുകൾക്ക് കൊച്ചി നഗരത്തിൽ സർവീസ്</u>**

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിൻ ഭാഗത്തുനിന്നുള്ള സ്വകാര്യ ബസ്സുകൾക്ക്, കൊച്ചി നഗരത്തിൽ സർവീസ് നടത്തുന്നതിന് തടസ്സമായി നിൽക്കുന്നത് എന്തെല്ലാം കാര്യങ്ങളാണെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ ഭാഗത്തുനിന്നുള്ള സ്വകാര്യ ബസ്സുകൾക്ക് കൊച്ചി നഗരത്തിൽ സർവ്വീസ് നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ താഴെ കൊടുക്കുന്നു.<br>1. വാഹനപ്പെരുപ്പം നിയന്ത്രിക്കണമെന്ന് സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശം<br>2. ദേശസാൽകൃത റൂട്ടിലൂടെയുള്ള സ്വകാര്യ ബസ്സുകളുടെ യാത്ര അനുവദനീയമല്ല.<br>3. BTH ജംഗ്ഷനിൽ പാർക്കിംഗിനുള്ള അപര്യാപ്തതയും സുരക്ഷാ പ്രശ്നങ്ങളും സ്വകാര്യ ബസ്സ് യാത്രയ്ക്ക് തടസ്സമായി നിൽക്കുന്നു |
| (ബി) | ഇതു സംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസ് നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ